**TERM – 1 EXAMINATION, 2024-25**

**മലയാളം(012)**

Class: IX | Max Marks : 80
Time allowed : 3hrs

Date of Exam : -    /    /2024

- The Question paper is divided into two sections

  Section A : Reading comprehension
  Vocabulary Building Prose & Poetry (MCQ) : 40 Marks
  Section B : Grammar, Composition
  Literature ( Poetry, Prose & Non detailed ) : 40 Marks
- 15 minutes time has been allotted to read this question paper. The Students will read the question paper only and will not write any answer on the answer-sheet during this period

## SECTION A / വിഭാഗം എ

**I. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെ ങ്കിലും 8 എണ്ണത്തിന് ബ്രാക്കറ്റിൽ നിന്നും ഉത്തരം കണ്ടെത്തി എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (8x1=8)**

എല്ലാദിവസവും രാജ്യത്തിന്റെ പലകോണിലുമുള്ള ഇന്ത്യക്കാർ പാടുകയോ കേൾക്കുകയോ ചെയ്യുന്ന മൂന്ന് മഹത്തായ സ്വാതന്ത്ര്യഗീതങ്ങൾ ഉണ്ട്. സ്വാതന്ത്ര്യസമര പോരാളികളാകട്ടെ, സാധാരണക്കാരാകട്ടെ, ഇന്ത്യക്കാരായ എല്ലാവരുടെയും ചുണ്ടുകളിൽ എന്നും ഉണ്ടായിരുന്ന ഗീതങ്ങൾ . താമസിക്കുന്ന പ്രദേശമേതെന്നോ സംസാരിക്കുന്ന ഭാഷയേതെന്നോ വ്യത്യാസങ്ങളൊന്നുമില്ലാതെ അവ ഇന്ത്യക്കാർക്ക് ഐക്യബോധം പകർന്നു. രവീന്ദ്രനാഥടാഗോർ രചിച്ച നമ്മുടെ ദേശീയഗാനം ജനഗണമന, ബങ്കിം ചന്ദ്ര ചാറ്റർജി എഴുതിയ ദേശീയഗീതം വന്ദേമാതരം, മുഹമ്മദ് ഇക്ബാലിന്റെ സാരേ ജഹാം സെ അച്ഛാ എന്നിവയാണ് ആ ഗീതങ്ങൾ. വന്ദേമാതരം എഴുതിയത് സംസ്കൃതവൽക്കരിക്കപ്പെട്ട ബംഗാളിഭാഷയിൽ ആയിരുന്നെങ്കിൽ ഗുരുദേവ് ടാഗോറിന്റെ ഭാരത ഭാഗ്യ വിധാതാ എന്ന രചന ബംഗാളിയിൽ വാർന്നു വീണതാണ്. മുഹമ്മദ് ഇക്ബാലിന്റെ സാരേ ജഹാം സെ അച്ഛാ എഴുതിയത് ഉറുദുവിലും.ഭാഷ വേറിട്ടതായിട്ടും ഈ മൂന്ന് ഗീതങ്ങളും രാജ്യസ്നേഹികളുടെയും സ്വാതന്ത്ര്യസമര പോരാളികളുടെയും ഹൃദ യംതൊട്ടു. ബ്രിട്ടീഷ് ഭരണകാലത്ത് വിവിധ ഭാഷകളിലും ഭാഷാഭേദങ്ങളിലും പിറവിയെടുത്ത ആയിരക്കണക്കിന് വിപ്ലവഗാനങ്ങൾക്കും ഭജനകൾക്കും

പ്രാർത്ഥനാഗീതങ്ങൾക്കുമൊപ്പം ഈ മൂന്ന് ജനകീയ രചനകളും സ്വയം നിർണ്ണയാവകാശത്തിനു വേണ്ടിയുള്ള മഹാത്മാക്കളുടെ പോരാട്ടത്തിന് പ്രചോദനമേകി. സമാധാനത്തിൽ ഊന്നിയുള്ള സത്യാഗ്രഹത്തിൽ വിശ്വസിച്ച മഹാത്മാഗാന്ധിയെപോലെയുള്ളവരെയും സായുധപോരാട്ടം നടത്തിയ സുഭാഷ് ചന്ദ്രബോസിനെ പോലെയുള്ളവരെയും ഈ ഗീതങ്ങൾ ഒരുപോലെ സ്വാധീനിച്ചു. ഗീതങ്ങൾക്കുമപ്പുറം മറ്റു രചനകളിലൂടെയും ഇന്ത്യക്കാർക്ക് പ്രചോദനമേകിയവരാണ് ടാഗോർ -ബങ്കിം ചന്ദ്ര - ഇക്ബാൽ ത്രിമൂർത്തികൾ. വന്ദേമാതരം യഥാർത്ഥത്തിൽ ബങ്കിംചന്ദ്ര 1882 എഴുതിയ ആനന്ദമഠം എന്ന വികാരതീവ്രമായ നോവലിന്റെ ഭാഗമാണ്.

**ചോദ്യങ്ങൾ**

**1.**നമ്മുടെ ദേശീയഗീതം ഏത് ?

a) സാരേ ജഹാം സേ അച്ഛാ b) ജന ഗണ മന c) വന്ദേമാതരം

d) തമസോമ ജ്യോതിർ ഗമയ

**2.** സാരേ ജഹാം സേ അച്ഛാ എന്ന ഗീതം രചിച്ചതാര്?

a) രവീന്ദ്രനാഥ ടാഗോർ b) ബെങ്കിം ചന്ദ്ര ചാറ്റർജി c) മുഹമ്മദ് ഇക്ബാൽ

d) ഗാന്ധിജി

**3.** വന്ദേമാതരം ഏതു ഭാഷയിലാണ് രചിച്ചിരിക്കുന്നത് ?

a) സംസ്കൃതത്തിൽ b) ബംഗാളിയിൽ c) ഹിന്ദിയിൽ

d) സംസ്കൃതവൽക്കരിക്കപ്പെട്ട ബംഗാളി ഭാഷയിൽ

**4.** നമ്മുടെ ദേശീയ ഗാനം ഏത് ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്?

a)ബംഗാളി ഭാഷയിൽ b). സംസ്കൃത ഭാഷയിൽ c) മലയാളഭാഷയിൽ
d)ഹിന്ദി ഭാഷയിൽ)

**5.** ഏത് കൃതിയിൽ നിന്നാണ് വന്ദേമാതരം എന്ന ഗീതം എടുത്തിട്ടുള്ളത്?

a). ആനന്ദഗീതം b).ആനന്ദമഠം c).സ്വാതന്ത്ര്യം d).വിപ്ലവം

**6.** സാരേ ജഹാം സേ അച്ഛാ ഏത് ഭാഷയിൽ രചിച്ച ഗീതമാണ് ?

a)സംസ്കൃത ഭാഷയിൽ b).ഉറുദു ഭാഷയിൽ c)ബംഗാളി ഭാഷയിൽ

d)ഹിന്ദി ഭാഷയിൽ

**7.** ആനന്ദമഠം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?

a). ചെറുകഥ b)നോവൽ c)ഗീതം d).കവിത

**8.** ആനന്ദമഠം എന്ന കൃതി എന്നാണ് എഴുതപ്പെട്ടത്?

a) 1882  b) 1892  c) 1883  d) 1872

**9.** ഇന്ത്യക്കാരായ എല്ലാ ജനങ്ങൾക്കും ഐക്യബോധം പകർന്നു നൽകിയ ഗീതങ്ങൾ രചിച്ച ത്രിമൂർത്തികൾ ആരെല്ലാം?

a) ഗാന്ധിജി -ബങ്കിം ചന്ദ്ര- ഇക്ബാൽ b) ടാഗോർ -ബങ്കിം ചന്ദ്ര- ഇക്ബാൽ

c) ടാഗോർ - ഗാന്ധിജി - ഇക്ബാൽ  d) ടാഗോർ ബങ്കിം ചന്ദ്ര- ഗാന്ധിജി

**10.** സമാധാനത്തിലൂന്നിയ സത്യാഗ്രഹത്തിൽ വിശ്വസിച്ച വ്യക്തി ആര്?

a) ടാഗോർ b) .ബങ്കിം ചന്ദ്ര c) സുഭാഷ് ചന്ദ്രബോസ് d) ഗാന്ധിജി

**11.** പ്രചോദനമേകുക എന്ന വാക്കിന്റെ അർത്ഥം താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ?

(a).സമാധാനിപ്പിക്കുക b). പ്രേരിപ്പിക്കുക c) നഷ്ടപ്പെടുത്തുക d).ചിന്തിപ്പിക്കുക)

## II. ഏതെങ്കിലും 8 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

**1**. . സുപ്രസിദ്ധം എന്ന പദത്തിന്റെ വിപരീതപദം ഏത്? **(8X1=8)**

a) സപ്രസിദ്ധം b) അപ്രസിദ്ധം c) പ്രസിദ്ധം d) കുപ്രസിദ്ധം

**2.** കള്ളൻ എന്ന പദത്തിന്റെ പര്യായപദമായി വരുന്ന പദം ഏത് ?

a) വിഡ്ഢി b) തസ്കരൻ c) വിദ്വാൻ d) മണ്ഡൂകം

**3.** മഹി - എന്ന പദത്തിന്റെ അർത്ഥമായി വരുന്ന പദം ഏത് ?

a) സൂര്യൻ b) ചന്ദ്രൻ c) ഭൂമി d) ദു:ഖം

**4.** മതി - എന്നതിന്റെ നാനാർത്ഥ പദം ഏത്?

a) ബുദ്ധി b) ആകാശം c) അഹങ്കാരം d) മേഘം

**5.** ക്രൂരമല്ലാത്തത് എന്ന പദത്തിന്റെ വിഗ്രഹാർത്ഥം ഏത് ?

a) നിഷ്ഠൂരം b) ക്രൂരം c) അക്രൂരം d) ക്രൂരത

**6.** ഭാജനം - ഭോജനം ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.

a) സുന്ദരി - പാമ്പ് b)പാത്രം - ഭക്ഷണം c)ഒന്ന് - അഹങ്കാരം

d) വിശപ്പ് - ക്ഷീണം

**7.** വിശ്വസനീയമല്ലാത്തത് എന്നതിന്റെ ശരിയായ ഒറ്റപ്പദം ഏത്?

a) വിശ്വസനീയം b) അവിശ്വസനീയം c) ആശ്വാസം d) വിശ്വാസം

**8.** കവി എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

a)കവയിത്രി b) കവയത്രി c) കവിയത്രി d) കഥാകാരി

**9.** 'തുണിക്കുള്ളിൽ' എന്ന വാക്ക് ഏത് സന്ധിയിൽ ഉൾപ്പെടുന്നു?

a) ആഗമസന്ധി b) ലോപസന്ധി c) ദ്വിത്വസന്ധി d) ആദേശസന്ധി

**10.** കണ്ണീർ എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്?

a) കണ്ണ് + നീർ b) കണ്ണു + നീർ c) ക+ണീർ d) കൺ + നീർ

## III. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. (4x2=8)

**1.** "ആ മനസ്സിൽ ആരെയും കൊല്ലാൻ മടിയ്ക്കാത്ത ഇരുട്ടുണ്ടായിരുന്നു

**i.** ആരുടെ മനസ്സിലാണ് ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നത്

a) കാളവണ്ടിക്കാരന്റെ മനസ്സിൽ b) ചെറുപ്പക്കാരന്റെ മനസ്സിൽ

c) ഗൈഡിന്റെ മനസ്സിൽ d) ഹിപ്പോകളുടെ മനസ്സിൽ

**ii.** ആരെയും കൊല്ലാൻ മടിയ്ക്കാതിരിയ്ക്കാനുള്ള കാരണം എന്താണ് ?

a)രാഷ്ട്രീയപദവിക്കുവേണ്ടി b) ദുർവിധി മൂലം

c) ആർഭാടമായി ജീവിക്കുന്നതിന് വേണ്ടി d) വിരസത കൊണ്ട്

**2.** " കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു.......

**i.** വിശ്വം ദീപമയം എന്ന പാഠഭാഗം ഉള്ളൂരിന്റെ ഏത് കവിതയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

a) കല്പശാഖി b)നവയുഗോദയം c)ഉമാകേരളം d) കർണ്ണഭൂഷണം

**ii.** എന്ത് ഉപയോഗിച്ചാണ് ഇരുട്ടിനെ തല്ക്കാലം അകറ്റുന്നത് ?

a) വിളക്കിനെ b) സൂര്യനെ c) ഉഡുപംക്തിയെ d) മിന്നാമിനുങ്ങിനെ

**3.** " തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി.....

**i.** കവിതയിൽ കാള എന്തിന്റെയെല്ലാം പ്രതീകമാണ്?

a) മനുഷ്യാവസ്ഥയുടെ b) കാളയുടെ c)ഭാരത്തിന്റെ

d)ഒരേസമയം മനുഷ്യാവസ്തയുടെയും കാള എന്ന മൃഗത്തിന്റെയും

**ii.** ഈ വരികൾ ഉൾപ്പെട്ട കവിത ഏത് കാവ്യസമാഹാരത്തിൽ നിന്നാണ് എടുത്തിരിക്കുന്നത് ?

a) നവയുഗോദയം b) ഓർക്കുക വല്ലപ്പോഴും

c) കൃഷ്ണഗാഥ d) ത്രിവിക്രമന്നു മുമ്പിൽ

**4.** "മായം കളഞ്ഞുള്ള മാമുനി മാരുടെ മാനസമായൊരു.......

**i.** കൃഷ്ണനെ കാണാൻ അമ്പാടിയിലേക്ക് പോയതാര്?

a) അക്രൂരൻ b) കംസൻ c) യാദവൻ d) കന്യകമാർ

**ii.** കാർവർണന്റെ കൺമുനയെ കവി വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ?

a) പൂവായി b) നിലാവായി c)കാർവണ്ടായി d)കണ്മഷിയായി

## IV. ബ്രാക്കറ്റിൽ നിന്ന് ശരി ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക

**(4x4=16)**

**1.** "ടാക്സി റോഡരുകിൽ ചേർത്തു നിർത്തിയിട്ട് ഞാൻ കൂടി ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു.

**i.** യതിയെ അത്ഭുതപ്പെടുത്തിയ ടാക്സി ഡ്രൈവർ ആര്?

a) ദാമോദർ b) കർത്താർ സിംഗ് c) രാംഗോപാൽമിശ്ര d)ഗോപാൽസിംഗ്

**ii.** ഏത് തത്ത്വചിന്തകനെക്കുറിച്ചാണ് യതിയും ഗാവുങ്കറും ചർച്ച ചെയ്തത്?

a)കാൻഡ് b) അരിസ്റ്റോട്ടിൽ c) സോക്രട്ടീസ് d)പ്ലേറ്റോ

**iii.** യതിയുടെ ഏത് കൃതിയിലാണ് രണ്ട് ടാക്സിക്കാരെ പരിചയപ്പെടുത്തുന്നത്?

a)ദൈവം സത്യമോ മിഥ്യയോ b) സത്യത്തിന്റെ മുഖങ്ങൾ

c) വാസനാവികൃതി d) മരണമെന്ന വാതിലിന് അപ്പുറം

**iv.** വാരണാസിയിൽ എത്തിയപ്പോൾ യതി തീവണ്ടിയിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയതിന്റെ പ്രധാന ഉദ്ദേശ്യം എന്ത്?

a)നൂറ് രൂപ മാറ്റി വാങ്ങുക b) ഭക്ഷണം കഴിക്കുക

c) പുസ്തകം വാങ്ങുക d) സ്റ്റേഷൻമാസ്റ്ററെ കാണുക

**2.** ആർഭാടത്തിന് എതിരായ നമ്മുടെ ആദ്യത്തെ ശബ്ദം.......... .

**i.** ആരെക്കുറിച്ചാണ് ലേഖകൻ പറയുന്നത്?

a)ശ്രീനാരായണഗുരു b)ചട്ടമ്പിസ്വാമികൾ c)നടരാജഗുരു d)വിവേകാനന്ദൻ

**ii.** ആർഭാടം എന്നത് ..........................ആണ്?

a)സന്തോഷമുള്ള അവസ്ഥ b) ഉന്മാദാവസ്ഥ c)നിദ്രാവസ്ഥ d)ദു:ഖം

**iii.** ഈ പാഠഭാഗത്തിന്റെ കർത്താവ് ആരാണ്?

a)ഒ വി വിജയൻ b) ഐ എം വിജയൻ c) എം എൻ വിജയൻ

d) ഇടശ്ശേരി ഗോവിന്ദൻ നായർ

**iv.** ധൂർത്താചാരങ്ങളെ സാമാന്യ നിലയിലേക്ക് ഇറക്കികൊണ്ടുവരാൻ ആർക്കാണ് സാധിക്കുക?

a)വ്യക്തികൾക്ക് b) പണത്തിന് c)മനസ്സിന്

d)സമുദായസ്ഥാപനങ്ങൾക്ക്

**3.** "തേരിൽ നിന്നന്നേരം പാരിലിറങ്ങീട്ടു പാരാതെ കുമ്പിട്ടു കൂപ്പി നിന്നാൻ

**i.** ആരാണ് കുമ്പിട്ടു കൂപ്പി നിന്നത് ?

a) ശ്രീകൃഷ്ണൻ b) അക്രൂരൻ c) വാസുദേവൻ d) ചേലക്കണ്ണിമാർ

**ii.** ഏതിനെയാണ് കുമ്പിട്ട് കൂപ്പി നിന്നത് ?

a)ബാലന്മാരെയാണ് b) ചേവടിത്താരിണയെ c)മൗലിയെയാണ് d) മന്ദിരത്തെ

**iii.** ഏത് കവിതയിലെ വരികൾ ആണിത് ?

a)ഓർക്കുക വല്ലപ്പോഴും b) രാമായണം c) കല്പശാഖി d) കൃഷ്ണഗാഥ

**iv.** ഈ വരികളുടെ കർത്താവ് ആരാണ്?

a)പി.ഭാസ്കരൻ b) ഉള്ളൂർ എസ് പരമേശ്വരയ്യർ c) ചെറുശ്ശേരി
d)വള്ളത്തോൾ

**4.** "അതായിരിക്കും പൊരുളാ പ്രവൃത്തി

ജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ് വാൻ

**i.** എന്ത് ചെയ്യുന്നതിനാണ് ദീപപ്രഭ വേണം എന്ന് പറയുന്നത്?

a) വിശ്രാന്തിക്ക് b) വിളക്ക് കത്തിക്കാൻ c) ദുഃഖം അകറ്റാൻ d) വേലയ്ക്ക്

**ii.** മനസ്സിൽ നൈരാശ്യം ഉള്ളവർക്ക് മദ്ധ്യാഹ്നം എങ്ങനെ അനുഭവപ്പെടും?

a)ഉഷസ്സ് b) പകൽ c) അർദ്ധരാത്രി d)സായാഹ്നം

**iii.** വിശ്വദീപമയം എന്ന കവിത എഴുതിയതാര്?

a)ഉള്ളൂർ b) സക്കറിയ c)ചെറുശ്ശേരി d)പി. ഭാസ്കരൻ

**iv.** അന്തിക്ക് വിളക്ക് കത്തിക്കാൻ തിടുക്കംകൂട്ടി നിൽക്കുന്നത് ആര്?

a)ചന്ദ്രൻ b) നക്ഷത്രം c) മിന്നാമിനുങ്ങ് d)മനുഷ്യൻ

## SECTION B /ബി വിഭാഗം

**V.വ്യകാരണം**

**a) പ്രയോഗം മാറ്റുക** **(2x1=2)**

**i.** യതി കർത്താർസിങ്ങിനെ സുഹൃത്തായി സ്വീകരിച്ചു.

**ii.** വെള്ളത്തിൽ നിന്ന കുട്ടി മാധവനാൽ ഓടിച്ചെന്നു കൈയിലെടുത്തുയർത്തപ്പെട്ടു.

**b) അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക** **(2x1=2)**

**i.** ശങ്കരൻകുട്ടി വണ്ടിയിലേക്ക് കയറിയപ്പോൾ ഡ്രൈവർ എഞ്ചിൻ സ്റ്റാർട്ടാക്കി.

**ii**. പനിനീർച്ചെടിയിൽ ആദ്യത്തെ മൊട്ട് ഉണ്ടായപ്പോൾ അവളുടെ മനസ്സിൽ സന്തോഷത്തിന്റെ ആയിരം പൂക്കൾ വിരിഞ്ഞു.

**c) അർത്ഥം മാറാതെ വിധിവക്യത്തെ നിഷേധവാക്യമാക്കുക** **(2x1=2)**

**i.** ലളിതമായ ജീവിതം നാം ശീലമാക്കണം.

**ii.** മാനുഷിക മൂല്യങ്ങൾക്ക് വില കൽപിക്കണം.

**d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2x1=2)**

**i.** വസന്തത്തോട് തേന്മാവ് അർത്ഥിച്ചതും യാചിച്ചതും ശരിയായില്ല.

**ii.** കവിയുടെ ദാരിദ്ര്യം എന്റെ കണ്ണുകളെ ബഷ്പംകൊണ്ട് ഈറനണിയിച്ചു.

**c) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2x1=2)**

**i.** കാലോചിതം

**ii.** നിറകുടം

**iii.** ആകസ്മികം

**VI. രചന**

**a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. (1x5=5)**

**i.** ലഹരി ഉപയോഗവും യുവതലമുറയും

**ii.** കൊറോണക്കാലം വിദ്യാഭ്യാസമേഖലയിൽ വരുത്തിയ മാറ്റങ്ങൾ.

**iii.** മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം.

**b) കത്ത് തയ്യാറാക്കുക (1x5=5)**

**i.** കേരളത്തിലെ മോശമായ റോഡുകളുടെ അവസ്ഥ പരിഹരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗതാഗതവകുപ്പ് മന്ത്രിക്ക് ഒരു കത്തെഴുതുക.

**അല്ലെങ്കിൽ**

**ii.** കേരളത്തിലെ ഭക്ഷണശാലകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും, ആരോഗ്യകരമായ ഭക്ഷണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടി ഫുഡ് ഇൻസ്പെക്ടർക്ക് ഒരു കത്തെഴുതുക.

**c) പത്രവാർത്ത തയ്യാറാക്കുക (1x5=5)**

**i.** നിങ്ങളുടെ നാട്ടിൽ നിർമ്മിച്ച പാലത്തിന്റെ ഉദ്ഘടനത്തെക്കുറിച്ച് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**ii.** സ്കൂളിൽ നിങ്ങൾ ചെയ്ത കൃഷിയുടെ വിളവെടുപ്പിനെക്കുറിച്ച് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക.

**VII. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു നിർദ്ദേശമനുസരിച്ചു ഉത്തരം എഴുതുക**

**a) ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (1 x 3 =3)**

**i.** മിന്നാമിനുങ്ങിന്റെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശം എന്ത്?

**ii.** അക്രൂരൻ അമ്പാടിയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?

**b) ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക (2x3 =6 )**

**i.** കാളയും വണ്ടിക്കാരനും വിശ്രമമില്ലാതെ രാപ്പകൽ യാത്രയാണ്. ആ യാത്ര എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്തായിരിക്കും?

**ii.** ആഴം പൂണ്ടീടുന്നൊരാമോദം തന്നാലേ

പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ".

അക്രൂരന്റെ മാനസികാവസ്ഥ പ്രകാശിപ്പിക്കുന്നതിന് ഈ വരികൾ എത്രമാത്രം അനുയോജ്യമാണ് വിശദീകരിക്കുക?

**iii.** "പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയന്നാണ് ഈ തോന്നലിന് കാരണാമായ സന്ദർഭം ഏത്?

**8.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ( 2x3=6)**

**i.** സ്വാമി വിവേകാനന്ദന്റെ കുടുംബപശ്ചാത്തലം വിവരിക്കുക?

**ii.** വിവേകാനന്ദന്റെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം?

**iii.** വിവേകാനന്ദന്റെ ജനനവുമായി ബന്ധപ്പെട്ട് പാഠഭാഗത്ത് നൽകിയിരിക്കുന്ന സൂചനകൾ എന്തെല്ലാം?

Prepared by : Aswathy Ravi Checked by : Renson / Vidhya